തെച്ചിക്കോട്ടുകാവ് രാമചന്ദ്രന് അനുമതി

തൃശൂർ: ആശങ്കകൾ നീങ്ങി. തെച്ചിക്കോട്ടു കാവ് രാമചന്ദ്രനെ തൃശൂർ പൂരത്തിൽ പങ്കെടുക്കാൻ അനുമതി. ഹൈക്കോടതി നിയോഗിച്ച അമിക്കസ് ക്യൂറിയുടെ സാന്നിധ്യത്തിൽ നടത്തിയ പരിശോധനയിലാണു സെൻട്രൽ സർക്കിൾ സോഷ്യൽ ഫോറസ്ട്രി കൺസർവേറ്റർ അനുമതിക്കായി ശിപാർശ ചെയ്തത്. ഉടമകളുടെ സമ്മർദത്തിനു വഴങ്ങിയാണ് ആനയെ പൂരത്തിൽ പങ്കെടുപ്പിക്കാനുള്ള വഴിതുറന്നത്. വെറ്ററിനറി ഡോക്ടർമാരുടെ നേതൃത്വത്തിലുള്ള സംഘം രാമചന്ദ്രനെ പരിശോധിച്ചാണ് ഫിറ്റ്നസ് സർട്ടിഫിക്കറ്റ് നൽകിയത്. രാമചന്ദ്രൻ ഇന്നു നെയ്തലക്കാവ് ഭഗവതിയുടെ തിടമ്പേറ്റുമെന്ന് ഉറപ്പായി.

രാവിലെ പരിശോധനയ്ക്ക് എത്തിച്ച രാമചന്ദ്രന് അവസാന നിമിഷംവരെ ഫിറ്റ്നസ് നൽകാൻ അമിക്കസ് ക്യൂറി തയ്യാറായിരുന്നില്ല. ആനയുടമകളുടെ ഇടപെടലിനെത്തുടർന്ന് രാത്രി നൽകാമെന്ന ഉറപ്പിൻമേൽ തിരിച്ചു കൊണ്ടുപോകുകയും ചെയ്തിരുന്നു. ആനയെ പരിശോധിക്കാൻ എത്തിക്കുന്നത് അറിഞ്ഞു വൻ ജനാവലിയും തടിച്ചു കൂടിയിരുന്നു.

ഇന്നലെ രാവിലെ മുതൽ മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ച പരിശോധന രാത്രിയോടെയാണു പൂർത്തിയായത്. ആനയെ തിരിച്ചറിയാൻ വനംവകുപ്പ് ഉദ്യോഗസ്ഥരും സ്ഥലത്തെത്തിയിരുന്നു.

കെ.എൽ.എഫ്. നിർമൽ കോൾഡ്പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ ഷൈൻ സ്റ്റാർ മത്സരവിജയികൾക്ക് സമ്മാനങ്ങൾ കൈമാറി

തൃശൂർ: കെ.എൽ.എഫ്. നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ എറണാകുളം ജില്ലയിലെ 25 സൂപ്പർ മാർക്കറ്റുകളിൽ സംഘടിപ്പിച്ച ഷൈൻ സ്റ്റാർ സൂപ്പർമാർക്കറ്റ് സെലിബ്രേഷൻ മത്സരത്തിൽ വിജയികളായവർക്ക് സമ്മാനങ്ങൾ കൈമാറി. 2024 ഏപ്രിൽ 17, ബുധനാഴ്ച കൊച്ചിയിലെ ഹോട്ടൽ ക്രൗൺ പ്ലാസയിൽ നടന്ന ചടങ്ങിൽ പ്രശസ്ത ചലച്ചിത്ര താരവും കെ.എൽ.എഫ്. നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ ബ്രാൻഡ് അംബാസിഡറുമായ ഐശ്വര്യ ലക്ഷ്മിയാണ് ജേതാക്കൾക്ക് സമ്മാനങ്ങൾ നൽകിയത്. ഒന്നാംസ്ഥാനം നേടിയ വിജയിക്ക് മെഗാ സമ്മാനമായി ഐശ്വര്യലക്ഷ്മിക്കൊപ്പം ഡിന്നർ കഴിക്കാനുള്ള അവസരം ലഭിച്ചു. രണ്ടാം സമ്മാനമായി രണ്ടുപേർക്ക് ഓട്ടോമാറ്റിക് വാഷിങ് മെഷീൻ, മൂന്നാം സമ്മാനമായി മൂന്ന് പേർക്ക് സ്മാർട്ട് ഫോൺ, നാലാം സമ്മാനമായി നാല് പേർക്ക് ഇൻഡക്ഷൻ കുക്കർ, അഞ്ചാം സമ്മാനമായി അഞ്ച് പേർക്ക് സ്മാർട്ട് വാച്ച് എന്നിവയ്ക്ക് പുറമെ 25 പേർക്ക് പ്രോത്സാഹന സമ്മാനങ്ങളും കൈമാറി.

■ നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ സംഘടിപ്പിച്ച ഷൈൻ സ്റ്റാർ സൂപ്പർമാർക്കറ്റ് സെലിബ്രേഷൻ മത്സരത്തിൽ ഒന്നാമത്തെത്തിയ ഗൗരി എസ്. പിള്ളക്ക് നടി ഐശ്വര്യ ലക്ഷ്മി ഗ്രാൻഡ് പ്രൈസ് കൈമാറുന്നു.

മാറുന്ന കാലത്തിന്റെ അഭിരുചികൾക്ക് അനുസൃതമായി ഉൽപ്പന്നനിരയിൽ നടപ്പാക്കിയ വൈവിധ്യങ്ങൾ പ്രതിഫലിപ്പിക്കുന്ന പുതിയ കെ.എൽ.എഫ്. ലോഗോയുടെ പ്രകാശനവും ഇതേ വേദിയിൽ നടന്നു. കെ.എൽ.എഫ്. നിർമൽ ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ സണ്ണി ഫ്രാൻസിസ്, ഡയറക്ടർമാരായ ജോൺ ഫ്രാൻസിസ്, പോൾ ഫ്രാൻസിസ്, ബിസിനസ് ഹെഡ് ജോർജ് ജോൺ, കേരള സെയിൽസ് ഹെഡ് കെ.വി. ഗിൽബർട്ട് തുടങ്ങിയവർ ചടങ്ങിൽ പങ്കെടുത്തു.

കെ.എൽ.എഫ്. നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ മുടിയും ചർമവും ഒരുപോലെ സംരക്ഷിക്കുമെന്ന സന്ദേശം എറണാകുളം ജില്ലയിലെ വിവിധ സൂപ്പർമാർക്കറ്റുകളിലായി സംഘടിപ്പിച്ച ഷൈൻ സ്റ്റാർ സൂപ്പർമാർക്കറ്റ് സെലിബ്രേഷൻ മത്സരത്തിലൂടെ പതിനായിരക്കണക്കിന് ഉപഭോക്താക്കളിലേക്ക് നേരിട്ട് എത്തിക്കാൻ കഴിഞ്ഞതായി കെ.എൽ.എഫ്. നിർമൽ ഇൻഡസ്ട്രീസ് മാനേജിങ് ഡയറക്ടർ സണ്ണി ഫ്രാൻസിസ് പറഞ്ഞു. കെ.എൽ.എഫ്. നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ ഏറ്റവും മികച്ച നാച്യുറൽ മേക്കപ്പ് റിമൂവർ കൂടിയാണെന്ന് സ്വന്തം അനുഭവത്തിലൂടെ തിരിച്ചറിഞ്ഞുവെന്ന് ഐശ്വര്യലക്ഷ്മി പറഞ്ഞു. പച്ച നാളികേരം കോൾഡ് പ്രസ് ചെയ്ത് വേർതിരിച്ചെടുക്കുന്നതിനാൽ കെ.എൽ.എഫ്. നിർമൽകോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിലിൽ തേങ്ങയുടെ പ്രകൃതിദത്ത ഗുണങ്ങൾ അതേപടി നിലനിൽക്കും. മുടിക്ക് ഉള്ളും കരുത്തും തിളക്കവുമേകുന്ന കെ.എൽ.എഫ്. നിർമൽ കോൾഡ് പ്രസ്ഡ് വെർജിൻ കോക്കൊനട്ട് ഓയിൽ നാചറൽ മോയിസ്ചുറൈസർകൂടി ആയതിനാൽ ചർമത്തിന് മൃദുത്വവും സൗന്ദര്യവും നൽകും.

ഇറാൻ പിടിച്ചെടുത്ത കപ്പലിലുണ്ടായിരുന്ന തൃശൂർ സ്വദേശിനി നാട്ടിലെത്തി

തൃശൂർ: ഇറാൻ പിടിച്ചെടുത്ത ഇസ്രയേൽ ബന്ധമുള്ള ചരക്കു കപ്പലിലെ ജീവനക്കാരിലൊരാളായ തൃശൂർ സ്വദേശിനി നാട്ടിലെത്തി. കൊച്ചി വിമാനത്താവളത്തിലാണ് തൃശൂർ സ്വദേശി ആൻ ടെസ ജോസഫ് എത്തിയത്. വാഴൂർ കാപ്പുകാട് താമസിക്കുന്ന തൃശൂർ വെളുത്തൂർ സ്വദേശിനിയാണ് ആൻ ടെസ ജോസഫ്. കഴിഞ്ഞ ഒമ്പതുമാസമായി കപ്പലിൽ പരിശീലനത്തിന്റെ ഭാഗമായി ജോലിയിലായിരുന്നു ആൻ. ഇന്ത്യൻ മാരിടൈം യൂണിവേഴ്സിറ്റിയിലെ പഠനശേഷമാണ് പരിശീലനത്തിന് കപ്പലിൽ ജോലിക്ക് കയറിയത്. കപ്പൽ പിടിച്ചെടുത്ത സംഭവത്തിൽ മലയാളികളുടെ സുരക്ഷ ഉറപ്പാക്കണമെന്ന് ആവശ്യപ്പെട്ട് മുഖ്യമന്ത്രി വിദേശകാര്യമന്ത്രിക്ക് കത്തയച്ചിരുന്നു. ആൻ ടെസ ജോസഫിനെ തിരികെ എത്തിച്ച നടപടിയിൽ ഇറാനിലെ ഇന്ത്യൻ എംബസിയെ വിദേശകാര്യ മന്ത്രി എസ്. ജയശങ്കർ അഭിനന്ദനമറിയിച്ചു. പിടിച്ചെടുത്ത കപ്പലിൽ 17 ഇന്ത്യക്കാരാണ് ആകെയുണ്ടായിരുന്നത്. മറ്റു പതിനാറ് പേരെയും ഉടൻ തിരികെ എത്തിക്കുമെന്ന് വിദേശകാര്യ മന്ത്രാലയം ഉറപ്പ് നൽകിയിട്ടുണ്ട്. ഇവരിൽ നാലുപേർ മലയാളികളാണ്. കപ്പലിൽ മൊത്തം 25 ജീവനക്കാരാണുള്ളത്.

വയനാട് സ്വദേശി പി.വി. ധനേഷ്, കോഴിക്കോട് സ്വദേശി ശ്യാംനാഥ്, പാലക്കാട് സ്വദേശി സുമേഷ്, എന്നിവരാണ് കപ്പലിലുള്ള മറ്റു മലയാളികൾ. ഫിലിപ്പൈൻസ്, പാകിസ്ഥാൻ, റഷ്യ, എസ്തോണിയ എന്നീ രാജ്യങ്ങളിൽനിന്നുള്ളവരാണ് ബാക്കിയുള്ളവർ.

ഇറാനുള്ള ഉപരോധം കടുപ്പിച്ച് ഇ.യു.

ലണ്ടൻ: ഇസ്രയേലിനെതിരേയുണ്ടായ ആക്രമണത്തിന്റെ പേരിൽ ഇറാന്റെ മേലുള്ള ഉപരോധം കടുപ്പിച്ച് യൂറോപ്യൻ യൂണിയൻ(ഇ.യു). ഇറാനെ ഒറ്റപ്പെടുത്താൻ വേണ്ടതെല്ലാം ചെയ്യേണ്ടതുണ്ടെന്ന് യൂറോപ്യൻ കൗൺസിൽ പ്രസിഡന്റ് ചാൾസ് മിഷേൽ പറഞ്ഞു. യുക്രൈൻ യുദ്ധത്തിൽ റഷ്യയ്ക്ക് ഡ്രോണുകൾ വിറ്റതുൾപ്പെടെ ഇറാനെതിരേ ഒന്നിലധികം ഉപരോധങ്ങൾ ഇ.യു. ഇതിനകം ഏർപ്പെടുത്തിയിട്ടുണ്ട്. ഇറാൻ, ഇറാഖ്, സിറിയ, യെമൻ എന്നിവിടങ്ങളിൽനിന്ന് 300 ലധികം മിസൈലുകളും ഡ്രോണുകളും ഇസ്രയേൽ ലക്ഷ്യമാക്കി വിക്ഷേപിച്ചതിന് ശേഷം ബ്രസൽസിൽ നടന്ന ഉച്ചകോടിയിലാണ് യൂറോപ്യൻ യൂണിയന്റെ പുതിയ ഉപരോധങ്ങൾ.

കോൺഗ്രസിന് ആർ.എസ്.എസ്. പ്രേമം: നാഷണൽ ലീഗ്

തൃശൂർ: ബി.ജെ.പി. സർക്കാരിന്റെ ജനാധിപത്യ ഭരണഘടന വിരുദ്ധമായ നടപടികളെ തുറന്നെതിർക്കാനുള്ള കോൺഗ്രസിന്റെ വിമുഖത അവിശുദ്ധവും അധാർമികവുമായ ഒരു രാഷ്ട്രീയ ധാരണയുടെ ഭാഗമാണോയെന്ന് സംശയിക്കേണ്ടതുണ്ടെന്ന് നാഷണൽ ലീഗ് സംസ്ഥാന പ്രസിഡന്റ് പ്രഫ. എ.പി. അബ്ദുൽ വഹാബ്. പൗരത്വഭേദഗതി നിയമമുൾപ്പെടെയുള്ള ജനവിരുദ്ധമായ നിയമ നിർമാണങ്ങളോട് കോൺഗ്രസിന്റെ പ്രകടനപത്രികയും പാർട്ടി നേതൃത്വവും കാണിക്കുന്ന ഉദാസീന നിലപാട് ഇതിന്റെ സാധ്യതയിലേക്ക് വിരൽ ചൂണ്ടുകയാണ്.രാജ്യത്തിന്റെ ഫെഡറൽ തത്വങ്ങളെയും കീഴ്‌വഴക്കങ്ങളെയുമുപ്പടെ അട്ടിമറിച്ച് കൊണ്ട് 370-ാം വകുപ്പ് റദ്ദ് ചെയ്തതും സങ്കുചിതമായ ഒളിയജൻഡകളോടെ മുത്തലാഖ് ബില്ല് കൊണ്ടുവന്നതും ഒടുവിൽ അപകടകരമായ വിഭാഗീയതയ്ക്ക് വഴിവക്കുന്ന ഏക സിവിൽകോഡിനെ എഴുന്നള്ളിക്കുന്നതും കോൺഗ്രസ് കണക്കിലെടുത്തിട്ടേയില്ല.

എൻ.ഐ.എ. ഭേദഗതി ബില്ലിന്റെ വിഷയത്തിൽ പാർലമെന്റിൽ ബി.ജെ.പിക്കൊപ്പംനിലക്കൊണ്ട കോൺഗ്രസ് പൗരത്വ വിഷയത്തിൽ രാജ്യവ്യാപകമായി ഉയർന്ന പ്രതിഷേധത്തിൽനിന്നും മാറിനിൽക്കുകയാണ് ചെയ്തത്. കോൺഗ്രസ് നേതൃത്വത്തിനകത്ത് ആർ.എസ്.എസ്. ലോബിയുടെ ശക്തമായ ഇടപെടലുകളുണ്ടെന്നതിലേക്കാണ് ഇതെല്ലാം വിരൽ ചൂണ്ടുന്നത്.ബി.ജെ.പിയുടെ തീവ്രഹിന്ദുത്വത്തോട് തീർത്തും രാജിയായ അതീവ ദുർബലമായ കാമ്പെയിനാണ് ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ കോൺഗ്രസ് കാഴ്ചവക്കുന്നതെന്നും അബ്ദുൽ വഹാബ് കുറ്റപ്പെടുത്തി. തൃശൂർ ജില്ലാ പ്രസിഡന്റ് മുഹമ്മദ്കുട്ടി ചാലക്കുടി, ജില്ലാ വർക്കിങ് പ്രസിഡന്റ് സയ്യിദ് ഷബീൽ ഐദ്റൂസി തങ്ങൾ, ട്രഷറർ ഷറഫുദ്ദീൻ എടക്കഴിയൂർ, ജയിംസ് കാഞ്ഞിരത്തിങ്കൽ പത്ര സമ്മേളനത്തിൽ പങ്കെടുത്തു.

കുറുനരിയുടെ കടിയേറ്റു

ഗുരുവായൂർ: ചൂൽപ്പുറത്ത് ഒമ്പത് പേർക്ക് കുറുനരിയുടെ കടിയേറ്റു. പലരുടെയും നില ഗുരുതരം. ചൂൽപ്പുറം വാകയിൽ റോഡിൽ പണ്ടാരത്തിൽ സുമിത്ത് ഭാര്യ നിമിഷ, മുട്ടത്ത് വർഗീസ്, വെങ്കളത്ത് ജയരാജ്, പണ്ടാരത്തിൽ ചന്ദ്രൻ ഭാര്യ ഷീബ, അമ്പലത്ത് വീട്ടിൽ പരീത്, പട്ടണത്ത് രവി, തെക്കേതറയിൽ പാർവതി, ഇവരുടെ മകൻ ശശി, ശശിയുടെ മകൻ ശബരീഷ് എന്നിവർക്കാണ് കുറുനരിയുടെ ആക്രമണത്തിൽ പരുക്കേറ്റത്.

മുറ്റം തൂത്തുവാരുകയായിരുന്ന നിമിഷയെ കുറുനരി ചാടിവീണ് ആക്രമിക്കുകയായിരുന്നു. വലതു കൈയിലും കാൽമുട്ടിന് താഴെയുമാണ് ഇവർക്ക് കടിയേറ്റത്. ഭർതൃമാതാവ് ചിത്ര ചൂലുമായി നേരിട്ടതോടെയാണ് കുറുനരി ഓടിപ്പോയത്. തുടർന്ന് വർഗീസിനും ജയരാജനും കടിയേറ്റു. അയൽവാസികളായ ഇരുവരും വീട്ടുമുറ്റത്ത് നിൽക്കുകയായിരുന്നു. 15 ദിവസത്തെ അവധിക്ക് വിദേശത്തുനിന്ന് എത്തിയതായിരുന്നു ജയരാജ്. ഇയാളുടെ വലതു കൈയിലാണ് കടിയേറ്റത്. കിണറിനടുത്ത് നിൽക്കുകയായിരുന്ന പരീതിന്റെ ശരീരമാസകലം കടിയേറ്റു.

ആക്രമിക്കാനുള്ള തയാറെടുപ്പ് കണ്ട് രക്ഷിക്കാൻ ശ്രമിക്കുന്നതിനിടയിലാണ് രവിക്ക് കടിയേറ്റത്. പാർവതിയെ ആക്രമിക്കുന്നത് കണ്ട് അവിടെ എത്തിയപ്പോഴാണ് ശശിക്ക് കടിയേറ്റത്. ഇരുവരെയും രക്ഷിക്കാനുള്ള ശ്രമത്തിനിടയിൽ ശബരീഷിനും കടിയേറ്റു. പരുക്കേറ്റവർ തൃശൂർ മെഡിക്കൽ കോളജിൽ ചികിത്സ തേടി. മേഖലയിൽ നിരവധി വളർത്തുമൃഗങ്ങൾക്കും കുറുനരിയുടെ കടിയേറ്റിട്ടുണ്ട്.

പ്രദേശത്ത് കുറുനരിയുടെയും കാട്ടുപന്നിയുടെയും ശല്യം രൂക്ഷമാണെന്ന് നാട്ടുകാർ പറഞ്ഞു. കുറുനരിയുടെ ആക്രമണത്തിന് ഇരയായവർക്ക് നഗരസഭ അടിയന്തിര സാമ്പത്തിക സഹായം നൽകണമെന്ന് പ്രതിപക്ഷ നേതാവ് കെ.പി. ഉദയൻ ആവശ്യപ്പെട്ടു.

ഹോം വോട്ടിങ്, ജില്ലയിൽ 7928 പേർ വോട്ട് രേഖപ്പെടുത്തി

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഭിന്നശേഷിക്കാർ, 85 വയസിനു മുകളിലുള്ള മുതിർന്ന പൗരന്മാർ എന്നീ വിഭാഗത്തിൽ ഉൾപ്പെടുന്ന ആബ്സന്റീ വോട്ടർമാരിൽ 7928 പേർ ഹോം വോട്ടിങ് സംവിധാനത്തിലൂടെ വോട്ട് രേഖപ്പെടുത്തി. ഏപ്രിൽ 17 വരെയുള്ള കണക്കാണിത്. ചാലക്കുടി നിയോജക മണ്ഡലത്തിലാണ് കൂടുതൽ വോട്ട് രേഖപ്പെടുത്തിയത്- 785 പേർ. ഗുരുവായൂരിലാണ് കുറവ് - 335 പേർ. ചേലക്കര- 626, കുന്നംകുളം-600, വടക്കാഞ്ചേരി - 704, മണലൂർ-733, ഒല്ലൂർ-458, തൃശൂർ- 489, നാട്ടിക-567, ഇരിങ്ങാലക്കുട-691, പുതുക്കാട് - 644, കൈപ്പമംഗലം- 530, കൊടുങ്ങല്ലൂർ- 766 എന്നിങ്ങനെയാണ് മറ്റു മണ്ഡലങ്ങളിൽ വോട്ട് രേഖപ്പെടുത്തിയ കണക്ക്.ജില്ലയിൽ ഭിന്നശേഷി വിഭാഗത്തിൽ പെടുന്ന 5988 പേർ, 85 വയസിനു മുകളിലുള്ള 12507 പേരുൾപ്പെടെ 18495 പേരാണ് ഹോം വോട്ടിങിന് അർഹരായത്. ഏപ്രിൽ 21 വരെ പോലീസ്, വീഡിയോഗ്രാഫർ, മൈക്രോ ഒബ്സർവർ, പോളിങ് ഉദ്യോഗസ്ഥർ ഉൾപ്പെടെ വീടുകൾ സന്ദർശിച്ചാണ് വോട്ട് രേഖപ്പെടുത്താൻ അവസരം ഒരുക്കുന്നത്.

സുരേഷ് ഗോപിയുടെ ഗുരുഭക്തി അപഹാസ്യം: റിഷി പൽപ്പു

തൃശൂർ: നരേന്ദ്രമോദി വീണ്ടും അധികാരത്തിൽ വരികയും തൃശൂരിൽനിന്ന് താൻ വിജയിക്കുകയും ചെയ്താൽ രാജ്യതലസ്ഥാനത്തെ പ്രധാന വീഥികൾക്ക് ശ്രീനാരായണഗുരുവിന്റെ പേര് നൽകാൻ ശ്രമിക്കുമെന്ന സുരേഷ് ഗോപിയുടെ പ്രസ്താവന അപഹാസ്യമാണെന്ന് ഡോ. പൽപ്പു ഫൗണ്ടേഷൻ മാനേജിങ് ട്രസ്റ്റി റിഷി പൽപ്പു ആരോപിച്ചു. ആറ് വർഷം രാജ്യസഭാംഗം ആയിരുന്ന കാലത്ത് ഒരിക്കൽപ്പോലും ശ്രീനാരായണ പ്രസ്ഥാനങ്ങളെ തിരിഞ്ഞു നോക്കാത്ത ആളാണ് സുരേഷ് ഗോപി. ശ്രീനാരായണ ഗുരുവിന്റെ മഹാസമാധി സ്ഥലമായ ശിവഗിരിയുമായി നാളിതുവരെ യാതൊരു ബന്ധവും സ്ഥാപിക്കാത്ത അപൂർവം ചില പൊതുപ്രവർത്തകരിൽ ഒരാളുമാണ് അദ്ദേഹം. ഈഴവ സമുദായത്തോടും ശ്രീനാരായണഗുരുവിനോടും അദ്ദേഹത്തിന് എന്തെങ്കിലും മമത ഉണ്ടായിരുന്നെങ്കിൽ കഴിഞ്ഞ ആറ് വർഷം രാജ്യസഭാംഗമായിരുന്ന കാലത്ത് കാസർകോട്ടെ കേന്ദ്രസർവകലാശാലയ്ക്ക് ശ്രീനാരായണഗുരുവിന്റെ പേര് നൽകാൻ ഇടപെടാമായിരുന്നു. ലോക്സഭ തെരഞ്ഞെടുപ്പിൽ പരമാവധി ശ്രീനാരായണീയരുടെ വോട്ട് നേടുക എന്നത് മാത്രമാണ് സുരേഷ് ഗോപിയുടെ പ്രഖ്യാപനത്തിന് പിന്നിലെ ലക്ഷ്യമെന്നും അത് ശ്രീനാരായണീയർ മനസിലാക്കണമെന്നും റിഷി പൽപ്പു പറഞ്ഞു.

യുവതിക്ക് നേരേ ലൈംഗികാതിക്രമം; രണ്ടുപേർ അറസ്റ്റിൽ

കുന്നംകുളം: റോഡിലൂടെ നടന്നു പോവുകയായിരുന്ന യുവതിക്ക് നേരേ ലൈംഗികാതിക്രമം നടത്തിയ സംഭവത്തിൽ രണ്ടുപേരെ കുന്നംകുളം പോലീസ് അറസ്റ്റ് ചെയ്തു. കാണിപ്പയ്യൂർ സ്വദേശി കറുപ്പത്താട്ടിൽ വീട്ടിൽ രാധാകൃഷ്ണൻ (29), ചൂണ്ടൽ പെലക്കാട്ട് പയ്യൂർ സ്വദേശി കുട്ടൻകുളങ്ങര വീട്ടിൽ ഷാജൻ (54) എന്നിവരെയാണ് കുന്നംകുളം സ്റ്റേഷൻ ഹൗസ് ഓഫീസർ യു.കെ. ഷാജഹാന്റെ നേതൃത്വത്തിലുള്ള പോലീസ് സംഘം അറസ്റ്റ് ചെയ്തത്. സംഭവത്തിൽ പ്രധാന പ്രതിയെ പിടികൂടാനുണ്ടെന്ന് പോലീസ് അറിയിച്ചു. ബുധനാഴ്ച ഉച്ചതിരിഞ്ഞ് മൂന്നിനാണ് സംഭവം. ചൂണ്ടൽ -ഗുരുവായൂർ റോഡിലൂടെ നടന്നു പോവുകയായിരുന്ന യുവതിക്കുനേരേ പുറകിൽ ബൈക്കിലെത്തിയ പ്രതികൾ ലൈംഗിക ചുവയിൽ സംസാരിക്കുകയും പെൺകുട്ടിയുടെ കൈയിൽ കയറി പിടിച്ച് ലൈംഗികാതിക്രമം നടത്തുകയായിരുന്നെന്ന് പറയുന്നു. സംഭവം കണ്ട് തടയാനെത്തിയ വഴിയാത്രികനെ പ്രതികൾ മർദിക്കാൻ ശ്രമിക്കുകയും ചെയ്തു. സംഭവം ശ്രദ്ധയിൽപ്പെട്ടതോടെ കൂടുതൽ നാട്ടുകാർ ഓടിക്കൂടി പ്രതികളെ പിടികൂടി. തുടർന്ന് കുന്നംകുളം പോലീസിന് കൈമാറി. സംഭവത്തിൽ യുവതിയുടെ പരാതിയിൽ കേസെടുത്തശേഷം കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു.

■ അറസ്റ്റിലായ പ്രതികൾ.

പോസ്റ്റൽ വോട്ട്; അപേക്ഷ ഇന്ന് കൂടി

തൃശൂർ: ലോക്സഭാ തെരഞ്ഞെടുപ്പിനോടനുബന്ധിച്ച് ഡ്യൂട്ടിക്ക് നിയോഗിച്ച ഉദ്യോഗസ്ഥർക്ക് പോസ്റ്റൽ വോട്ട് അപേക്ഷ നൽകുന്നതിനുള്ള അവസരം ഇന്ന് അവസാനിക്കും. രാവിലെ 10 മുതൽ വൈകിട്ട് അഞ്ചുവരെ അതത് നിയമസഭാ മണ്ഡലത്തിലെ പരിശീലന കേന്ദ്രങ്ങളിൽ തയാറാക്കിയ ഫെസിലിറ്റേഷൻ സെന്ററിലും സഹവരണാധികാരിയുടെ ഓഫീസിലും അപേക്ഷ സമർപ്പിക്കാം. സ്വന്തം പാർലമെന്റ് മണ്ഡലത്തിന് പുറത്ത് ഡ്യൂട്ടി ലഭിച്ച ഉദ്യോഗസ്ഥരാണ് ഫോം 12 ൽ അപേക്ഷിക്കേണ്ടത്. പോസ്റ്റിങ് ഓർഡർ, തെരഞ്ഞെടുപ്പ് തിരിച്ചറിയൽ കാർഡ് എന്നിവയുടെ പകർപ്പ് അപേക്ഷയോടൊപ്പം സമർപ്പിക്കണം. സ്വന്തം പാർലമെന്റ് മണ്ഡലത്തിൽ ഡ്യൂട്ടി ചെയ്യുന്ന ഉദ്യോഗസ്ഥർക്ക് ഇലക്ഷൻ ഡ്യൂട്ടി സർട്ടിഫിക്കറ്റിന് 22 വരെ അപേക്ഷിക്കാമെന്ന് ജില്ലാ തെരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ ജില്ലാ കലക്ടർ അറിയിച്ചു. അപേക്ഷ സമർപ്പിക്കേണ്ട കേന്ദ്രങ്ങൾ, നിയമസഭാ മണ്ഡലം, കേന്ദ്രം എന്നിവ യഥാക്രമം:ചേലക്കര- ചെറുതുരുത്തി ഗവ. ഹയർ സെക്കൻഡറി സ്കൂൾ, കുന്നംകുളം- കുന്നംകുളം ഗുഡ് ഷെപ്പേഡ് സി.എം.ഐ. സ്കൂൾ, ഗുരുവായൂർ- ചാവക്കാട് എം.ആർ.ആർ.എം. ഹയർ സെക്കൻഡറി സ്കൂൾ, മണലൂർ- ഗുരുവായൂർ ശ്രീകൃഷ്ണ ഹയർ സെക്കൻഡറി സ്കൂൾ, വടക്കാഞ്ചേരി- തൃശൂർ ടൗൺ ഹാൾ, ഒല്ലൂർ- തൃശൂർ സെന്റ് മേരീസ് കോളജ്, തൃശൂർ- തൃശൂർ ഗവ. എൻജിനീയറിങ് കോളജ്, നാട്ടിക- തൃശൂർ സെന്റ് തോമസ് കോളജ്, കൈപ്പമംഗലം- കൊടുങ്ങല്ലൂർ എം.ഇ.എസ്. അസ്മാബി കോളജ്, ഇരിങ്ങാലക്കുട- ക്രൈസ്റ്റ് കോളജ്, പുതുക്കാട്- ഇരിങ്ങാലക്കുട സെന്റ് ജോസഫ് കോളജ്, ചാലക്കുടി- ചാലക്കുടി സേക്രഡ് ഹാർട്ട് വുമൺസ് കോളജ്, കൊടുങ്ങല്ലൂർ- കൊടുങ്ങല്ലൂർ കെ.കെ.ടി.എം. ഗവ. കോളജ്.

ഇന്ത്യാമുന്നണി അധികാരത്തിൽ വരാനുള്ള സാധ്യത തെളിഞ്ഞു: സി.പി. ജോൺ

തൃശൂർ: ഇന്ത്യാമുന്നണി അധികാരത്തിൽ വരാനുള്ള എല്ലാ സാധ്യതയും തെളിഞ്ഞിരിക്കുകയാണെന്ന് സി.എം.പി. സെക്രട്ടറി സി.പി. ജോൺ അഭിപ്രായപ്പെട്ടു. കെ. മുരളീധരന്റെ ഒല്ലൂർ മണ്ഡലം പര്യടനം മദാമ്മ തോപ്പിൽ ഉദ്ഘാടനം ചെയ്തു പ്രസംഗിക്കുകയായിരുന്നു അദ്ദേഹം.

കേന്ദ്രത്തിൽ ഇന്ത്യാ മുന്നണിക്കൊപ്പം നിൽക്കുന്ന ഇടതുപക്ഷത്തിന് കേരളത്തിൽ ഒരു പ്രസക്തിയുമില്ലാതായിരിക്കുകയാണ്. ചിലർ ചിഹ്നം നിലനിർത്താൻ വേണ്ടി മാത്രമായി മത്സരിക്കുകയാണ്. രാജ്യത്തിന്റെ മതേതര സ്വഭാവം കാക്കാൻ കോൺഗ്രസ് നേതൃത്വം നൽകുന്ന ഇന്ത്യാ മുന്നണിക്കു മാത്രമേ സാധിക്കുകയുള്ളു. ലോകത്തിനു മുന്നിൽ ഇന്ത്യ എല്ലാ മേഖലയിലും തല കുനിക്കേണ്ട അവസ്ഥയാണ് നിലവിലുള്ളത്. സാമ്പത്തികമായി രാജ്യം കൂപ്പു കുത്തിയിരിക്കുകയാണ്. പട്ടിണി കുതിച്ചുയരുകയാണ്. മാധ്യമ സ്വാതന്ത്ര്യമനുവദിക്കാത്ത രാജ്യമായി ഇന്ത്യ മാറിയിരിക്കുകയാണ്. വികസനം പറയുന്നവർ രാജ്യത്തിന്റെ പൈതൃകത്തെ തകർത്തിരിക്കുകയാണ്. പത്തുവർഷം രാജ്യം അനുഭവിച്ച കെടുതിയിൽനിന്നും രക്ഷ നേടാൻ ആഗ്രഹിക്കുന്ന ജനം ഇത്തവണ ഇന്ത്യാമുന്നണിയെ അധികാരത്തിലെത്തിക്കുമെന്നും അദ്ദേഹം പറഞ്ഞു.

നിയമ സഹായ ക്ലിനിക് പുനരാരംഭിച്ചു

തൃശൂർ: കുടുംബശ്രീ ജില്ലാ മിഷന്റെയും ജില്ലാ ലീഗൽ സർവീസ് അതോറിറ്റിയുടെയും സംയുക്താഭിമുഖ്യത്തിൽ സ്നേഹിത ജെൻഡർ ഹെൽപ് ഡെസ്കിൽ സൗജന്യ നിയമ സഹായ ക്ലിനിക് പുനരാരംഭിച്ചു. ജില്ലാ ലീഗൽ സർവീസ് അതോറിറ്റി സെക്രട്ടറി/സബ് ജഡ്ജ് സരിത രവീന്ദ്രൻ ഉദ്ഘാടനം നിർവഹിച്ചു. സ്ത്രീകൾക്കും കുട്ടികൾക്കും എതിരെ നടക്കുന്ന അതിക്രമങ്ങൾ പ്രതിരോധിക്കുന്നതിനും ബോധവത്കരണ പ്രവർത്തനങ്ങൾ നടത്തുന്നതിനും അതിക്രമങ്ങൾക്ക് ഇരയാകുന്ന സ്ത്രീകൾക്കും കുട്ടികൾക്കും സംരക്ഷണവും പുനരധിവാസം നൽകുന്നതിനുമായി ജില്ലാ കുടുംബശ്രീ മിഷന്റെ നേതൃത്വത്തിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന സംവിധാനമാണ് സ്നേഹിത ജൻഡർ ഹെൽപ് ഡെസ്ക്. വിവരങ്ങൾക്ക് 1800 4252573

CHANGE OF NAME

I Beena Joy holder of Indian Passport no. L8155909 do hereby change my name as BEENA ARIMBOOR LONAPPAN, residing at Panakkal House, East Bazar, Velur P O, Thrissur -680601

ബഹുമാനപ്പെട്ട പിരുമേട് മുൻസിഫ് കോടതി മുമ്പാകെ
O.S. No: 130 of 2020

വാദികൾ : സണ്ണി തോമസ് മുതൽ പേർ 4.
പ്രതികൾ : ദീപു അലക്സ് മുതൽ പേർ 4.

മേൽ നമ്പർ അന്യായം പ്രതികളെയും ടിയാളുകളുടെ ആൾക്കാരെയും അന്